# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6628 — 09.07.2014- ൽ മറുപടിക്ക്

## "പുതിയ വ്യവസായ നയം"

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വി.ഡി. സതീശൻ | | ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് പുതിയ വ്യവസായ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് കരട് വ്യവസായ നയം തയ്യാറാക്കിയിട്ടുണ്ട്. അതിന്മേൽ വിവിധ തലങ്ങളിൽ ചർച്ചകൾ നടന്നുവരികയാണ്. |
| ബി) | നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | എല്ലാ മേഖലയിലും വിദേശീയവും സ്വദേശീയവുമായ നിക്ഷേപ പ്രോത്സാഹനവും മാനവവിഭവശേഷി വികസനവും വഴി കൂടുതൽ സ്ഥാപനങ്ങൾ വികസിപ്പിച്ച് തൊഴിൽ ഉൽപാദനവും കയറ്റുമതിയും അതിലൂടെ സംസ്ഥാനത്ത് മുഴുവൻ സാമ്പത്തിക ഉന്നമനം ഉണ്ടാക്കുകയാണ് പ്രധാന ലക്ഷ്യം. കൂടാതെ, കൃഷി സംസ്കരണം, സേവനം, വാണിജ്യം, കാലിക പ്രാധാന്യമുള്ള മേഖലകൾ മുതലായവയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിച്ച് കേരളത്തെ ഒരു സംരംഭക സംസ്ഥാനമാക്കി മാറ്റുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വിഭവങ്ങളുടെ ശരിയായ ഉപഭോഗത്തിനുമായി ഗ്രാമീണ മേഖലകളിൽ സൂക്ഷ്മ ചെറു സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രാദേശിക വിഭവങ്ങളിലൂടെ മൂല്യ വർധനത്തിനായി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുക, ആഭ്യന്തര-വിദേശ നിക്ഷേപകരെ സേവന മേഖലയിലും വളർച്ച നേടിക്കൊണ്ടിരിക്കുന്ന വ്യവസായ രംഗങ്ങളായ ബയോടെക്നോളജി, നാനോ ടെക്നോളജി തുടങ്ങിയ മേഖലകളിലും ആകർഷിച്ച് മത്സരബുദ്ധിയോടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന ഒരു നിക്ഷേപ കേന്ദ്രമാക്കി കേരളത്തെ ഉയർത്തിക്കാട്ടുക, വിദഗ്ദ്ധരായ മാനവവിഭവങ്ങൾക്ക് സംസ്ഥാനത്തിനകത്തുതന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വ്യവസായ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുക, പൂർണ്ണമായും ഭാഗികമായും തൊഴിൽ പ്രാവീണ്യം നേടിയവർക്ക് സംസ്ഥാനത്തിനകത്തുതന്നെ വ്യാവസായിക സേവന മേഖലകളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് എടുത്ത് പറയത്തക്ക മറ്റു ലക്ഷ്യങ്ങൾ. |
| സി) | സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വ്യവസായം തുടങ്ങുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | സി) | പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കേരളത്തെ മികച്ച വ്യവസായിക നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുക, സംരംഭക വികസനത്തിന് ഉത്തരവാദിത്വമുള്ള വ്യാപാര ശീലങ്ങൾ, പ്രത്യേകിച്ച് പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വിഭവങ്ങളുടെ ശരിയായ ഉപഭോഗത്തിനുമായി ഗ്രാമീണ മേഖലകളിൽ സൂക്ഷ്മ ചെറു സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നീ കാര്യങ്ങൾ സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വ്യവസായം തുടങ്ങുന്നതിന് വ്യവസായ നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഹരിത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട നടപടികൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കൈക്കൊള്ളുന്നതാണ്. |
| ഡി) | നയം എന്ന് പ്രസിദ്ധീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | ഡി) | വ്യവസായ നയം അംഗീകരിച്ച് എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**